ശ്രീ. എ. ജെ. ജാൺ : കേസുകൾ സീരിയസാണോ അല്ലയോ എന്നു ഫയലും നോക്കിട്ടേ മനസ്സിലാക്കാൻ നിവൃത്തിയുള്ളൂ. നിസ്സാരമായ കേസുകൾ ഉണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ ഫയലുകൾ പരിശോധിച്ചു അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. ടി. വി. ദിവാകരൻ : ഇതിൽ നല്ല ഒരു വിഭാഗം കേസുകൾ തൽക്കാല ശാന്തിക്കുവേണ്ടി പോലിസുണ്ടാക്കിയിട്ടുള്ളതാണെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെയാണെന്നു തോന്നുന്നില്ല

ഭൂമി വിതരണം.

* 538. [39] ശ്രീ. സി. സി. അയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക പരസ്പരസഹായസംഘങ്ങൾവഴി എത്ര ഭൂമി ഇതിനകം വിതരണം ചെയ്തിട്ടുണ്ട്;

(ബി) സംഘം മുഖേന ഭൂമി ആവശ്യപ്പെട്ടിട്ടുള്ള എല്ലാവർക്കും ഇതിനകം ഭൂമി കൊടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്ത്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) കാർഷിക പരസ്പരസഹായസംഘങ്ങൾവഴി 5837 ഏക്കർ 75 സെൻറ് ഇതിനകം വിതരണം ചെയ്തിട്ടുണ്ട്.

(ബി) അറിവില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പരസ്പരസഹായസഹകരണസംഘങ്ങൾ.

* 539. [40] ശ്രീ. സി. സി. അയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലം എത്ര പരസ്പരസഹായസഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് അപേക്ഷകൾ കിട്ടിയിട്ടുണ്ട്;

(ബി) അതിൽ ഏതെല്ലാം താലൂക്കിലുള്ള എത്ര സംഘത്തെ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ബാക്കിയുള്ളവ രജിസ്റ്റർ ചെയ്യാതിരിക്കുവാനുള്ള കാരണമെന്ത്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഇക്കൊല്ലം പരസ്പരസഹായസംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനു 439 അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly